## പതിമൂന്നാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1112** **08/02/2013-ൽ മറുപടിക്ക്**

## എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ തിരുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി.എസ്. ജയലാൽ | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവർക്ക് ജനനതീയതി ഉൾപ്പടെയുള്ള തെറ്റുകൾ തിരുത്തുന്നതിന് കാലതാമസം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത തെറ്റുകൾ എത്രയും പെട്ടെന്ന് തിരുത്തി ലഭിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) പൊതു പരീക്ഷാക്കമ്മീഷണറുടെ കാര്യാലയം വിതരണം നടത്തിയിട്ടുള്ള യോഗ്യതാ സർട്ടിഫിക്കറ്റുകളിൽ ഉണ്ടാകുന്ന പിഴവുകൾ തിരുത്തി ചുരുങ്ങിയ കാലയളവിനുള്ളിൽ വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിസ, ഉപരിപഠനം, ജോലി, കോടതി സംബന്ധമായ ആവശ്യങ്ങൾ എന്നിവയ്ക്ക് ശരിയായ രേഖകളുമായി അപേക്ഷിക്കുന്നവർക്ക് 2 ദിവസത്തിനകം, പിഴവുകൾ പരിഹരിച്ചതോ, പുതിയതോ ആയ സർട്ടിഫിക്കറ്റുകൾ വിതരണം നടത്തിവരുന്നു. |
| (സി) പൊതുജനതാല്പര്യം കണക്കിലെടുത്ത് എത്രയും പെട്ടെന്ന് എസ്.എസ്.എൽ.സി. ബുക്കിലെ തിരുത്തലുകൾ നടത്തി നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) പൊതുജന താത്പര്യം കണക്കിലെടുത്തുകൊണ്ട് എസ്.എസ്.എൽ.സി. ബുക്കിലെ തിരുത്തലുകൾ പരിഹരിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ പരീക്ഷാഭവൻ സ്വീകരിച്ചിട്ടുണ്ട്. 'സ്പെഷ്യൽ അദാലത്ത് ഫോർ പരീക്ഷാഭവൻ' എന്ന തീവ്രയത്ന |

പരിപാടിയിലൂടെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിലെ പിഴവുകൾ തീർപ്പ് കല്പിച്ച് സമയബന്ധിതമായി നൽകുന്നു. ഇതിനായി പരീക്ഷാകമ്മീഷണറുടെയും ജോയിന്റ് കമ്മീഷണറുടെയും പരീക്ഷാ ഭവൻ സെക്രട്ടറിയുടെയും മേൽനോട്ടത്തിൽ പരീക്ഷാഭവൻ ജീവനക്കാരുടെ ഒരു ടീം ജില്ലകൾ തോറും നേരിട്ടെത്തി പൊതുജനങ്ങളിൽ നിന്നും അപേക്ഷകൾ സമാഹരിക്കുന്നു. മലപ്പുറം, കണ്ണൂർ, പത്തനംതിട്ട, ഇടുക്കി, കാസർഗോഡ്, വയനാട്, തൃശ്ശൂർ, കോഴിക്കോട് തുടങ്ങി 8 ജില്ലകളിൽ സ്പെഷ്യൽ അദാലത്ത് നടത്തിക്കഴിഞ്ഞു. ബാക്കി ജില്ലകളിൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള തീയതികളിൽ അദാലത്ത് നടത്തുന്നതാണ്.

Sreedevi

**സെക്ഷൻ ഓഫീസർ**